**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5622** **24-03-2025 - ൽ മറുപടിയ്ക്ക്**

**മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദമാക്കുമോ? | (എ) | മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറി 50 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിന് മഞ്ചേശ്വരം താലൂക്ക്, കോയപ്പടി വില്ലേജിലെ റീ സർവ്വേ നമ്പർ 166/15 ൽ ഉൾപ്പെട്ട 0.4047 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി ഭാരതീയ ചികിത്സാ വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ